LIBRARY ARCHIVES Kerala Legislative Assembly

ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ നടപടി

163 [1761] *ശ്രീ. സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ എത്ര ഡോക്ടർമാർ അവധിയിൽ പ്രവേശിച്ചിട്ടുണ്ട്;

(ബി) വേണ്ടത്ര ജീവനക്കാർ ആരോഗ്യ വകുപ്പിൽ ഇല്ലാത്ത ഗുരുതരാവസ്ഥ പരിഹരിക്കുവൻ താൽക്കാലികമായി എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പല കാലയളവിലായി ആരോഗ്യ വകുപ്പിലെ 382 ഡോക്ടർമാർക്ക് വിവിധ ആവശ്യങ്ങൾക്കായി സർക്കാർ അവധി അനുവദിച്ചിട്ടുണ്ട്.

(ബി) 22-7-2003-ലെ സർക്കാർ ഉത്തരവ് 2190/03/അകുവ പ്രകാരം ഡോക്ടർമാർക്ക് അവധി അനുവദിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. 3 വർഷത്തിൽ കുറയാതെ സർവ്വീസ് ഉണ്ടെങ്കിൽ മാത്രമേ അവധിക്ക് അപേക്ഷിക്കാൻ ഡോക്ടർമാർക്ക് അർഹതയുള്ളൂ. കൂടാതെ ബിരുദാനന്തര ബിരുദം കഴിഞ്ഞതിനുശേഷമുള്ള ഡോക്ടർമാരെ അവധി അനുവദിക്കുന്നതിൽ വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യ വകുപ്പിൽ പി. എസ്. സി. വഴി നിയമനം നൽകുന്ന ഡോക്ടർമാരിൽ മൂന്നിലൊന്ന് പേർ മാത്രമേ ജോലിയിൽ പ്രവേശിക്കുന്നുള്ളൂ. ഗ്രാമീണ മേഖലയിൽ ജോലി ചെയ്യുവാൻ ഭൂരിഭാഗം ഡോക്ടർമാരും വിമുഖത കാണിക്കുന്നുണ്ട്. ഡോക്ടർമാരുടെ ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി. ലിസ്റ്റ് പ്രകാരം നിയമനം നൽകുന്നവരിൽ ജോലിയിൽ പ്രവേശിക്കാത്തവരുടെ എൻ.ജെ.ഡി. റിപ്പോർട്ട് പി. എസ്. സിക്ക് നൽകുക വഴി ഒഴിവുള്ള തസ്തികകൾ മുഴുവൻ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പി. എസ്. സി. വഴി നിയമനം ലഭിക്കുന്ന ഡോക്ടർമാർ ജോലിയിൽ പ്രവേശിക്കാത്ത ആശുപത്രികളിൽ ദിവസ വേതന അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിക്കുന്നതിന് അതാത് ഡി.എം.ഒ. മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ഡോക്ടർമാരുടേയും നേഴ്സ്മാരുടേയും കുറവ് പരിഹരിക്കാൻ നടപടി

164 [1763] *ശ്രീ. വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ആവശ്യത്തിന് ഡോക്ടർമാരും നേഴ്സ്മാരും ഇല്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സെന്ററുകളിൽ സ്ഥിരം ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇപ്പോൾ എത്ര ഹെൽത്ത് സെന്ററുകളിലാണ് ഡോക്ടർമാർ ഇല്ലാത്തതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) ഉണ്ട്. നടപടി സ്വീകരിച്ചു വരുന്നു.

(സി) 188 ഹെൽത്ത് സെന്ററുകളിൽ സ്ഥിരം ഡോക്ടർമാർ ഇല്ല.

ഡോക്ടർമാരെ നിയമിക്കൽ

165 [1764] *ശ്രീ. കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പാനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ, ഒ.പി.യും ഐ.പി.യും കൂടുതലായതിനാൽ ഗൈനക്കോളജി വിഭാഗം ഡോക്ടറുടേയും മറ്റു സർജൻമാരുടേയും ഒഴിവുകളിലേക്ക് അടിയന്തിരമായി നിയമനം നടത്തണമെന്ന് ആവശ്യപ്പെട്ട് കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം. എൽ. എ. മുഖാന്തിരം നൽകിയ നിവേദനത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ എന്നത്തേയ്ക്ക് നികത്തുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) ഇപ്പോൾ പാനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 5 ഡോക്ടർമാരുടെ ഒഴിവുകളാണുള്ളത് (സിവിൽ സർജൻ-2, അസിസ്റ്റന്റ് സർജൻ-3). അവ നികത്തുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

റാന്നി താലൂക്കാശുപത്രിയിൽ ആവശ്യമായ ജീവനക്കാർ

166 [1765] *ശ്രീ. രാജു എബ്രഹാം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്കാശുപത്രിയിൽ ഡോക്ടർമാരടക്കം എത്ര ജീവനക്കാരാണ് ഉണ്ടാകേണ്ടത്;

(ബി) ഇപ്പോൾ എത്ര തസ്തികകളാണ് അനുവദിച്ചിരിക്കുന്നത്; കിടത്തി ചികിത്സ ആരംഭിക്കുവാൻ മിനിമം വേണ്ട തസ്തികകൾ എത്രയാണ്;

(സി) പമ്പയിൽ മുഖ്യമന്ത്രികൂടി പങ്കെടുത്ത യോഗത്തിൽ കിടത്തി ചികിത്സ ആരംഭിക്കുവാൻ ആവശ്യമുള്ള തസ്തികകൾ സൃഷ്ടിക്കുവാൻ തീരുമാനം എടുത്തിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly